പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1969 **26-10-2026-ൽ മറുപടിയ്ക്ക്**

അനധികൃതമായി വാങ്ങിയ മെഡിക്കൽ ഉപകരണങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. കെ. ജയന്ത്

ശ്രീമതി ഉഷ വിജയൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ 12 മെഡിക്കൽ കോളേജുകളിലെ ആവശ്യത്തിനായി 30 കോടി രൂപ മുടക്കി വാങ്ങിയ വെന്റിലേറ്റർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ കൃത്യമായ പരിചരണം ഇല്ലാത്തതിനാലും കാലപ്പഴക്കത്താലും നശിച്ചതായി വിദഗ്ധ സമിതി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: ആലപ്പുഴ മെഡിക്കൽകോളേജിൽ K.M.S.C.L മുഖേന വിതരണം ചെയ്ത 2 P.S.A(Pressure swing Adsorption) Oxygen Generator Plant കമ്പനി ഇതുവരെ പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല. ഗുണനിലവാരം കുറഞ്ഞ പ്രസ്തുത plant ൽ നടത്തിയ പരിശോധനയിൽ ആവശ്യമായ അളവിലും ആവശ്യമായ മർദ്ദത്തിലും ഓക്സിജൻ ഉത്പാദിപ്പിക്കാൻ ജനറെറ്ററിന് സാധിക്കുന്നില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്.

PM Care സ്കീമിൽ നിന്നും ലഭിച്ച വെന്റിലേറ്ററുകൾ വിവിധ മെഡിക്കൽകോളേജുകളിൽ കോവിഡ് കാലത്ത് വിവിധ വിഭാഗങ്ങളിൽ ജീവൻ രക്ഷയ്ക്കായി പരമാവധി ഉപയോഗിച്ചിരുന്നു. എന്നാൽ ഈ ഉപകരണങ്ങളിൽ സങ്കീർണ്ണമായ രോഗീപരിചരണ സംവിധാനങ്ങൾ ഇല്ലാത്തതിനാലും ഇവയുടെ പ്രകടന വിശ്വാസ്യതയിലും ഗുണ നിലവാരത്തിലും ഡോക്ടർമാർ തൃപ്തരല്ലാത്തതിനാലും കോവിഡ് കാലം കഴിഞ്ഞതോടെ പ്രസ്തുത ഉപകരണങ്ങൾ ഉപയോഗത്തിൽ നിന്നും ഒഴിവാക്കുകയായിരുന്നു. കൂടാതെ ഇവയുടെ പ്രവർത്തന ചെലവും പരിപാലന ചെലവും പ്രകടനവുമായി താരതമ്യം ചെയ്യുമ്പോൾ ഭീമമായിരുന്നു.

ഇത്തരത്തിൽ ഗുണനിലവാരം കുറഞ്ഞ 41 വെന്റിലേറ്ററുകൾ കോട്ടയം മെഡിക്കൽകോളജിലും, 27 വെന്റിലേറ്ററുകൾ മഞ്ചേരി മെഡിക്കൽകോളേജിലും, 20 വെന്റിലേറ്ററുകൾ കണ്ണൂർ മെഡിക്കൽകോളേജിലും, 40 വെന്റിലേറ്ററുകൾ കോഴിക്കോട് മെഡിക്കൽകോളേജിലും ഉപയോഗിക്കാനാകാതെ കിടക്കുന്നുണ്ട്.

(ബി) കഴിഞ്ഞ 10 വർഷക്കാലമായി മെഡിക്കൽ കോളേജുകളിലും മറ്റ സർക്കാർ ആശുപത്രികളിലും നിരവധി ഉപകരണങ്ങൾ വാങ്ങിക്കൂട്ടിയതായി കണ്ടെത്തിയിട്ടുണ്ടോ; പെട്ടിപോലും പൊട്ടിക്കാതെ ഇത്തരത്തിൽ കോടിക്കണക്കിന് രൂപയുള്ള ഉപകരണങ്ങൾ നശിക്കാൻ ഇടയായതിന്റെ കാരണങ്ങളെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തുമോ; വ്യക്തമാക്കാമോ;

മറുപടി: സർക്കാർ ആശുപത്രികളിൽ വിവിധ കാരണങ്ങളാൽ മെഡിക്കൽ ഉപകരണങ്ങൾ ഉപയോഗിക്കാതെ കിടക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്.

ആരോഗ്യ വകുപ്പിൽ കഴിഞ്ഞ പത്ത് വർഷമായി വിലകൂടിയ മെഡിക്കൽ ഉപകരണങ്ങൾ മെഡിക്കൽ കോളേജുകളിലും മറ്റ് ആശുപത്രികളിലും വാങ്ങി സംഭരിച്ച് ദീർഘകാലമായി ഉപയോഗിക്കാതെ കിടക്കുന്നത് സംബന്ധിച്ച് ധാരാളം പരാതികൾ സർക്കാരിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കുന്നതിനായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷയായി ഒരു അന്വേഷണ സമിതി സ.ഉ (സാധാ) 2277/2026/H&FWD, തീയതി 08.07.2026 പ്രകാരം രൂപീകരിക്കുകയും വകുപ്പുതല അന്വേഷണത്തിന് ഉത്തരവാകുകയും ചെയ്തിരുന്നു.

(സി) ഇങ്ങനെ മെഡിക്കൽ ഉപകരണങ്ങൾ അനധികൃതമായി വാങ്ങി സർക്കാരിന് വൻ നഷ്ടം ഉണ്ടാവാൻ കാരണക്കാരായവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മറുപടി: മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള സ്ഥാപനങ്ങളിലെ വിവരങ്ങൾ കൂടി ലഭ്യമായ ശേഷം ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ